**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **30-07-2021 - ൽ മറുപടിയ്ക്ക്**

**മായം ചേർത്ത മത്സ്യ വില്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തിൽ മായം ചേർത്ത് വില്പന നടത്തുന്നവരെ പിടികൂടുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന സ്പോട്ടിൽ വച്ച് തന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) വികസിപ്പിച്ച പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് Hi-Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദിപ്പിക്കുന്നുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിൻറെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ ഫോർമാലിൻ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph |

| | | | |
|---|---|---|---|
| | | | (HPLC)എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). |
| (ബി) | ഫിഷറീസ് കൺട്രോൾ റൂമുകളിൽ നിന്നും പൊതുവായ എന്തെല്ലാം സഹായങ്ങളാണ് പൊതുജനങ്ങൾക്കും മത്സ്യബന്ധന തൊഴിലാളികൾക്കും ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ കടൽരക്ഷാ പ്രവർത്തനം അടിയന്തിരമായി സംഘടിപ്പിക്കുക, ആവശ്യമെങ്കിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ കൂടി സഹായം തേടി രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് കൺട്രോൾ റൂമുകളുടെ പ്രധാന ചുമതല. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു കൊടുക്കുക, സി.സി.ടി.വി ക്യാമറകൾ ഘടിപ്പിച്ചിട്ടുള്ള ഹാർബറുകളുടെ നിരീക്ഷണം, വെസ്സൽ ട്രാക്കിംഗ്/ എ.ഐ.എസ് സംവിധാനം ഘടിപ്പിച്ചിട്ടുള്ള യാനങ്ങളെ നിരീക്ഷിക്കൽ എന്നിവയും കൺട്രോൾ റൂമുകളിലൂടെ സാധ്യമാകും. |

സെക്ഷൻ ഓഫീസർ